"CORRUPTION, A CRIME AGAINST NATION"

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 15.07.2023**

# "കൈക്കൂലി കേസിൽ മുൻ തഹസീൽദാറെ വിജിലൻസ് കോടതി കഠിനതടവിനും, പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു."

ഇടുക്കി ജില്ലയിലെ തൊടുപുഴ തഹസീൽദാറായിരുന്ന ജോയ് കുര്യാക്കോസ് 10,000/- രൂപ കൈക്കൂലി വാങ്ങിയ കേസിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി മൂവാറ്റുപുഴ വിജിലൻസ് കോടതി നാല് വർഷം തടവിനും 65,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

15/10/2013 മുതൽ തൊടുപുഴ തഹസീൽദാർ ആയിരുന്ന ജോയ് കുര്യാക്കോസ് പാറപ്പുഴ സ്വദേശിയായ പരാതിക്കാരൻ പുതുതായി നിർമ്മിച്ച വീടിന്റെ ലക്ഷ്വറി ടാക്സ് ഒഴിവാക്കുന്നതിന് വേണ്ടി പരാതിക്കാരനിൽ നിന്നും പതിനായിരം രൂപ കൈക്കൂലി വാങ്ങിയ സമയം ഇടുക്കി വിജിലൻസ് മുൻ ഡി. വൈ. എസ്. സി. ശ്രീ രതീഷ് കൃഷ്ണൻ കയ്യോടെ പിടികൂടി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ കേസ്സ് ഇടുക്കി വിജിലൻസ് മുൻ ഡി. വൈ. എസ്. സി. ശ്രീ ആന്റണി ടി. എ. കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് ജോയ് കുര്യാക്കോസ് കുറ്റക്കാരനെന്ന് മൂവാറ്റുപുഴ വിജിലൻസ് കോടതി ഇന്ന് (15/07/2023) ശിക്ഷ വിധിച്ചത്. പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് പബ്ളിക്ക് പ്രോസിക്യൂട്ടർ സരിത വി. എ. ഹാജരായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.